**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 398** | **23-02-2022 - ൽ മറുപടിയ്ക്ക്**

**രണ്ടാം കോവിഡ് പാക്കേജിനായി ചെലവഴിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | രണ്ടാം കോവിഡ് പാക്കേജിനായി കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന 20,000 കോടി രൂപയിൽ നാളിതുവരെ ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | രണ്ടാം കോവിഡ് പാക്കേജിനായി കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന 20,000 കോട് രൂപയിൽ നാളിതുവരെ 12123.30 കോടി രൂപ ചെലവായിട്ടുണ്ട്. ആരോഗ്യം, സിവിൽ സപ്ലൈസ്, തൊഴിൽ, വ്യവസായം, ക്ഷേമനിധി ബോർഡുകൾ, കുടുംബശ്രീ, തദ്ദേശ സ്വയംഭരണം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി, കൃഷി, നോർക്ക തുടങ്ങിയവ മുഖേനയാണ് മേൽ തുക ചെലവാക്കിയിട്ടുള്ളത്.<br><br>ആരോഗ്യ മേഖലക്കായി നീക്ക് വച്ചിരുന്ന 2800 കോടി രൂപയിൽ കോവിഡ് അനുബന്ധ ഉപകരണങ്ങളും ഉപഭോഗ സാമഗ്രികളും വാങ്ങുന്നതിനുമായി 465.29 കോടി രൂപയും, സി.എച്ച്.സി. താലൂക്ക ഡിസ്ട്രിക് ഐസൊലേഷൻ ബ്ലോക്ക്സ എന്നയിനത്തിൽ 16.13 കോടി രൂപയും, ആരോഗ്യ അടിയന്തിരാവസ്ഥ നേരിടുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മുഖാന്തിരം 35.5 കോടി രൂപയും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം ആരോഗ്യ ഗ്രാന്റായി ലഭ്യമായ 427.13 കോടി രൂപയും ഉൾപ്പെടെ 944.05 കോടി രൂപ ചെലവായിട്ടുണ്ട്.<br><br>ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം നൽകുന്നതിനായി നീക്കിവച്ചിരുന്ന 8900 കോടി രൂപയിൽ ഭക്ഷ്യ കിറ്റിനായി 1745.94 കോടി രൂപയും, ക്ഷേമനിധി ബോർഡുകൾ വഴി 238.86 കോടി രൂപയും, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി 3008 കോടി രൂപയും, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വിതരണത്തിനായി 848 കോടി |

| | | | |
|---|---|---|---|
| | | | രൂപയും, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 1000 രൂപ ധനസഹായം നൽകുന്നതിലേക്കായി 147.82 കോടി രൂപയും, കോൺട്രാക്റ്റ് സപ്ലൈയർ അരിയർ ഇനത്തിൽ 1700 കോടി രൂപയും, കുടുംബശ്രീ പലിശയിനത്തിൽ 11.13 കോടി രൂപയും, റബ്ബർ സബ്സിഡിക്കായി 12.49 കോടി രൂപയും ഉൾപ്പെടെ ആകെ 7712.25 കോടി രൂപ ചെലവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക ഏതൊക്കെ ഇനങ്ങളിലായി ഏതൊക്കെ വകുപ്പുകൾ മുഖേനയാണ് ചെലവാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | രണ്ടാം കോവിഡ് പാക്കേജിനായി കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന 20,000 കോട് രൂപയിൽ നാളിതുവരെ 12123.30 കോടി രൂ ചെലവായിട്ടുണ്ട്. ആരോഗ്യം, സിവിൽ സപ്ലൈസ്, തൊഴിൽ, വ്യവസായം, ക്ഷേമനിധി ബോർഡുകൾ, കുടുംബശ്രീ, തദ്ദേശ സ്വയംഭരണം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി, കൃഷി, നോർക്ക തുടങ്ങിയവ മുഖേനയാണ് മേൽ തുക ചെലവാക്കിയിട്ടുള്ളത്.<br><br>ആരോഗ്യ മേഖലക്കായി നീക്ക് വച്ചിരുന്ന 2800 കോടി രൂപയിൽ കോവിഡ് അനുബന്ധ ഉപകരണങ്ങളും ഉപഭോഗ സാമഗ്രികളും വാങ്ങുന്നതിനുമായി 465.29 കോടി രൂപയും, സി.എച്ച്.സി. താലൂക്ക ഡിസ്ട്രിക് ഐസൊലേഷൻ ബ്ലോക്ക്സ എന്നയിനത്തിൽ 16.13 കോടി രൂപയും, ആരോഗ്യ അടിയന്തിരാവസ്ഥ നേരിടുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മുഖാന്തിരം 35.5 കോടി രൂപയു പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം ആരോഗ്യ ഗ്രാന്റായി ലഭ്യമായ 427.13 കോടി രൂപയും ഉൾപ്പെടെ 944.05 കോടി രൂപ ചെലവായിട്ടുണ്ട്.<br><br>ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം നൽകുന്നതിനായി നീക്കിവച്ചിരുന്ന 8900 കോടി രൂപയിൽ ഭക്ഷ്യ കിറ്റിനായി 1745.94 കോടി രൂപയും, ക്ഷേമനിധി ബോർഡുകൾ വഴി 238.86 കോടി രൂപയും, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി 3008 കോടി രൂപയും, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വിതരണത്തിനായി 848 കോടി രൂപയും, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 1000 രൂപ ധനസഹായം നൽകുന്നതിലേക്കായി 147.82 കോടി രൂപയും, കോൺട്രാക്റ്റ് സപ്ലൈയർ അരിയർ ഇനത്തിൽ 1700 കോടി രൂപയും, കുടുംബശ്രീ പലിശയിനത്തിൽ 11.13 കോടി രൂപയും, റബ്ബർ സബ്സിഡിക്കായി 12.49 കോടി രൂപയും ഉൾപ്പെടെ |

| | | | |
|---|---|---|---|
| | | | ആകെ 7712.25 കോടി രൂപ ചെലവായിട്ടുണ്ട്. |
| (സി) | ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിനായി നീക്കിവെച്ചിരുന്ന 2800 കോടി രൂപയും ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം നൽകുന്നതിനായി നീക്കിവെച്ചിരുന്ന 8900 കോടി രൂപയും നാളിതുവരെ ഏതൊക്കെ ഇനങ്ങളിലായി എത്ര രൂപ വീതം ചെലവാക്കിയിട്ടുണ്ടെന്ന വിശദാംശങ്ങൾ നൽകുമോ? | (സി) | രണ്ടാം കോവിഡ് പാക്കേജിനായി കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന 20,000 കോട് രൂപയിൽ നാളിതുവരെ 12123.30 കോടി രൂപ ചെലവായിട്ടുണ്ട്. ആരോഗ്യം, സിവിൽ സപ്ലൈസ്, തൊഴിൽ, വ്യവസായം, ക്ഷേമനിധി ബോർഡുകൾ, കുടുംബശ്രീ, തദ്ദേശ സ്വയംഭരണം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി, കൃഷി, നോർക്ക തുടങ്ങിയവ മുഖേനയാണ് മേൽ തുക ചെലവാക്കിയിട്ടുള്ളത്.<br><br>ആരോഗ്യ മേഖലക്കായി നീക്ക് വച്ചിരുന്ന 2800 കോടി രൂപയിൽ കോവിഡ് അനുബന്ധ ഉപകരണങ്ങളും ഉപഭോഗ സാമഗ്രികളും വാങ്ങുന്നതിനുമായി 465.29 കോടി രൂപയും, സി.എച്ച്.സി. താലൂക്ക ഡിസ്ട്രിക് ഐസൊലേഷൻ ബ്ലോക്ക്സ എന്നയിനത്തിൽ 16.13 കോടി രൂപയും, ആരോഗ്യ അടിയന്തിരാവസ്ഥ നേരിടുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മുഖാന്തിരം 35.5 കോടി രൂപയും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം ആരോഗ്യ ഗ്രാന്റായി ലഭ്യമായ 427.13 കോടി രൂപയും ഉൾപ്പെടെ 944.05 കോടി രൂപ ചെലവായിട്ടുണ്ട്.<br><br>ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം നൽകുന്നതിനായി നീക്കിവച്ചിരുന്ന 8900 കോടി രൂപയിൽ ഭക്ഷ്യ കിറ്റിനായി 1745.94 കോടി രൂപയും, ക്ഷേമനിധി ബോർഡുകൾ വഴി 238.86 കോടി രൂപയും, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി 3008 കോടി രൂപയും, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വിതരണത്തിനായി 848 കോടി രൂപയും, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 1000 രൂപ ധനസഹായം നൽകുന്നതിലേക്കായി 147.82 കോടി രൂപയും, കോൺട്രാക്റ്റ് സപ്ലൈയർ അരിയർ ഇനത്തിൽ 1700 കോടി രൂപയും, കുടുംബശ്രീ പലിശയിനത്തിൽ 11.13 കോടി രൂപയും, റബ്ബർ സബ്സിഡിക്കായി 12.49 കോടി രൂപയും ഉൾപ്പെടെ ആകെ 7712.25 കോടി രൂപ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ